**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5264** **21-07-2022 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സി-ആപ്റ്റിന്റെ നവീകരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സി-ആപ്റ്റിന്റെ നവീകരണത്തിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. ഒരു സിംഗിൾ കളർ വെബ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങി ഇൻസ്റ്റാൾ ചെയ്യുക.<br>2. രണ്ട് ഡിജിറ്റൽ സ്കാനർ കം പ്രിൻറർ വാങ്ങുക.<br>3. ഡിജിറ്റൽ കളർ പ്രിന്റർ വാങ്ങുക.<br>4. ഹെഡ് ഓഫീസ് കോംപ്ലക്സിന്റെ നിലവിലെ ഓഫീസ് ബിൽഡിംഗിന് മുകളിൽ അഡീഷണൽ ഫ്ലോറിന്റെ ബാക്കി ഭാഗം നിർമ്മിക്കുക<br>5. സി-ആപ്റ്റ് കൊല്ലം ഉപകേന്ദ്രത്തിന്റെ നിലവിലെ കെട്ടിടം പുതുക്കി പണിയുക<br>6. ഹെഡ് ഓഫീസ് കോംപ്ലക്സിൽ ലിഫ്റ്റ് സൗകര്യം ഒരുക്കുക |
| (ബി) | വിവിധ ഉപ കേന്ദ്രങ്ങളെ നവീകരിക്കുന്നതിനും കോഴിക്കോട്, കൊച്ചി ഉപകേന്ദ്രങ്ങളെ മേഖല ഓഫീസുകളായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | 2022-23 വർഷത്തെ പ്ലാൻഫണ്ടിൽ നിന്നും കൊല്ലം, കോഴിക്കോട്, മലപ്പുറം കോട്ടയം എന്നീ ഉപകേന്ദ്രങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്/വിവിധ മെഷിനുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസൽ 01-08-2022-ൽ കൂടുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സി-ആപ്റ്റിന്റെ ചില സബ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്ന, പൊതു വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള കെട്ടിട ങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിന്/കെട്ടിടങ്ങൾ പുനർനിർമ്മാണം നടത്തുന്നതിന് ആവശ്യമായ അനുമതി നൽകുന്നതാണെന്ന് ഉന്നത-പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 11-07-2022-ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.<br><br>കോഴിക്കോട്, കൊച്ചി ഉപകേന്ദ്രങ്ങളെ മേഖലാ ഓഫീസുകളായി ഉയർത്തുന്നത് സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | തീരുമാനമൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല. |
| (സി) | സി-ആപ്റ്റിൽ 2019-ൽ ഭരണാനുമതി ലഭിച്ച 20 കോടി രൂപക്കുള്ള ലോട്ടറി അച്ചടി മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (സി) | ലോട്ടറി വകുപ്പിൽ നിന്നും വായ്പാടിസ്ഥാനത്തിൽ ലഭ്യമാകുന്ന 20 കോടി രൂപ ധനസഹായം ഉപയോഗിച്ച് ഫോർ കളർ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീനും ഓൺ ലൈൻ നമ്പറിംഗ് സിസ്റ്റവും വാങ്ങുന്നതിന് ഉന്നത വിദ്യാഭ്യാസവകുപ്പിൽ നിന്നും സി-ആപ്റ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സി-ആപ്റ്റിന് പ്രസ്തുത വായ്പാ തുക അടിയന്തിരമായി ലഭ്യമാക്കുന്നതിന് നികുതി വകുപ്പിനോട് ശിപാർശ ചെയ്തിട്ടുമുണ്ട്. |
| (ഡി) | ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ പോളിസി എന്നിവ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ; | (ഡി) | സി-ആപ്റ്റിലെ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ അപാകതകൾ ഉണ്ടെന്ന് സി-ആപ്റ്റിലെ സർവ്വീസ് സംഘടനകളും, ഭൂരിഭാഗം ജീവനക്കാരും ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിശദമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുവാനായി ഉന്നതവിദ്യാഭ്യാസവകുപ്പ് ജോയിന്റ് സെക്രട്ടറിയും, സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറു മടങ്ങുന്ന രണ്ടംഗ കമ്മിറ്റിയെ സി-ആപ്റ്റിന്റെ അൻപത്തിയാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും, പ്രസ്തുത റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ശിപാർശകൾ സഹിതം രണ്ടംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ച് ആയതിൻമേലുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിന് ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ട്. ധനകാര്യവകുപ്പിൽ നിന്നും അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ/ പ്രമോഷൻ പോളിസി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഈയിടെ അനുവദിച്ച ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് മുൻകാല പ്രാബല്യത്തോടെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | 12-05-2022-ന് സി-ആപ്റ്റിൽ നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണ പ്രകാരം പരിഷ്കരിച്ച ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്ക് 01-07-2014 മുതൽ പ്രാബല്യമുണ്ട്. എന്നാൽ, സി-ആപ്റ്റിന്റെ നിലവിലെ സാമ്പത്തികാവസ്ഥയിൽ മുൻകാലപ്രാബല്യത്തോടെ സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുവാൻ നിർവ്വാഹമില്ല. |
| (എഫ്) | സി- ആപ്റ്റിനെ ആധുനിക വൽക്കരിക്കുന്നതിന് | (എഫ്) | ഇപ്പോൾ ലഭ്യമായിട്ടുള്ള ഫണ്ടുകളുപയോഗിച്ച് സി- |

| | | | |
|---|---|---|---|
| | പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ കൂടുതൽ സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ആപ്റ്റിന്റെ വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ